## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 18.06.2012-ൽ മറുപടിക്ക്

ചോദ്യം നമ്പർ .171

## മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, ഹൈബി ഈഡൻ<br>,, വർക്കല കഹാർ<br>,, വി. റ്റി. ബൽറാം | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) | സമൂഹത്തിലെ താഴെതട്ടിലുള്ള മത്സ്യത്തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും കുടുംബനാഥൻ നഷ്ടപ്പെടുമ്പോൾ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ഉന്നമനത്തിനുമായിട്ടാണ് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. അപകട മരണത്തിന് പുറമെ അപകടം മൂലം സ്ഥിരമായോ താല്ക്കാലികമായോ സംഭവിക്കുന്ന അവശതയ്ക്കുള്ള ധനസഹായം, ആശുപത്രി ചികിത്സാചെലവ് നൽകൽ, മരണപ്പെട്ടവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ഫണ്ട്, അപകടമരണം സംഭവിക്കുന്നവരെ അടക്കം ചെയ്യുന്ന ചെലവ് മുതലായവ ഈ പദ്ധതി പ്രകാരം നൽകി വരുന്നു. കൂടാതെ അപകട മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി മത്സ്യഫെഡും 1995 മുതൽ മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം അപകട ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടം മൂലം മരണം, കടലിൽ കാണാതാകൽ, സ്ഥിരവും പൂർണവുമായ അവശത എന്നിവയ്ക്ക് നൽകിവന്നിരുന്ന ധനസഹായം 07.12.11 മുതൽ 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷം രൂപയായും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 1 ലക്ഷം രൂപയിൽ നിന്ന് 1.5 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയായും ഉയർത്തിയിട്ടുണ്ട്. അവശത യുടെ തോതനുസരിച്ച് പരമാവധി 1.5 ലക്ഷം രൂപ വരെയും ആശുപത്രി ചികിത്സയ്ക്ക് പരമാവധി 20,000/- രൂപയും ശവസംസ്കാരത്തിനായി 2,000/- രൂപ വരെയും അനുവദിച്ചു നൽകുന്നു. മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന ഇൻഷ്വറൻസ് ആനുകൂല്യത്തിന് അപേക്ഷ നൽകിയവരുടെ ക്ലെയിമുകൾ ഇൻഷ്വറൻസ് കമ്പനിയുമായി ബന്ധ പ്പെട്ട് നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുകയും അപ്രകാരം 28 മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 3 ലക്ഷം രൂപ ക്രമത്തിൽ 84 ലക്ഷം രൂപയുടെ ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇൻഷ്വറൻസ് തുക എത്രകണ്ട് വർദ്ധിപ്പിക്കുകയുണ്ടായി ? | (സി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടത്തുന്ന പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് തുക 07.12.11 മുതൽ 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷം രൂപയായും അവശതയുള്ള ധനസഹായം 1 ലക്ഷം രൂപയിൽ നിന്നും 1.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. മത്സ്യഫെഡ് നടപ്പി ലാക്കിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ മത്സ്യത്തൊ ഴിലാളികൾ മത്സ്യബന്ധനത്തിനി ടയിലോ അല്ലാതെയോ അപകടം മൂലം മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് പരിരക്ഷയായി 3 ലക്ഷം രൂപ നൽകുന്നു. |

(signature)

സെക്ഷൻ ഓഫീസർ